ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർ റഫറൻസ് പ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(എഫ്) കേസ്സുമായി ബന്ധപ്പെട്ട് പലരേയും പോലീസ് സ്റ്റേഷനിൽ വരുത്തിയും അല്ലാതെയും ചോദ്യം ചെയ്തുവെങ്കിലും നാളിതുവരെ ആരേയും അറസ്റ്റു ചെയ്യുകയോ, ജാമ്യത്തിൽ വിടുകയോ ചെയ്തിട്ടില്ല.

(ജി) കേസ് അന്വേഷണാവസ്ഥയിലാണ്.

പേരാമ്പ്ര മണ്ഡലത്തിലെ ബിന്ദുവിന്റെ മരണം സംബന്ധിച്ച നിവേദനം

70 (1539) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ കാരയാട് അംശം തിരുവണ്ടായൂർ ദേശത്ത് തൈക്കണ്ടി യശോദയുടെ മകൾ ബിന്ദുവിന്റെ മരണം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) മരണകാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ബിന്ദു സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതാണെന്നാണ് വെളിവായിട്ടുള്ളത്.

(സി) പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം കെട്ടിത്തൂങ്ങിയതാണ് മരണ കാരണമെന്ന് തെളിഞ്ഞിട്ടുണ്ട്.

പാലക്കാട് മുണ്ടൂർ ചന്ദ്രലേഖയുടെ സഹോദരന്റെ മരണം സംബന്ധിച്ച അന്വേഷണം

71 (1540) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മുണ്ടൂർ ഭാഗത്ത് ശ്രീമതി ചന്ദ്രലേഖയുടെ സഹോദരൻ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആളിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) ഉണ്ട്. കോങ്ങോട്ട് പി.എസ്.ക്രൈം 64/03 യു/സി അസ്വാഭാവിക മരണമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ലഭിച്ചിരുന്നു.

(ഡി) ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. എ. കുട്ടപ്പൻ മുഖാന്തിരം ലഭിച്ച പരാതിയിൻമേൽ ഹോമാംബിക നഗർ സർക്കിൾ ഇൻസ്പെക്ടർ നേരിട്ട് അന്വേഷണം നടത്തിവരുന്നുണ്ട്.

പോൾസിയുടെ ദുരൂഹ മരണം

72 (1541) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിനിയായിരുന്ന പോൾസി 3-2-1999-ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞത് സംബന്ധിച്ച് പോൾസിയുടെ അമ്മ മേരി, റൈഹ് ഓഫ് ഔസേപ്പ് പോളി, പയ്യപ്പിള്ളി, കാടുകുറ്റി സമർപ്പിച്ച പരാതിയിൻമേൽ എന്തു നടപടികളാണ് എടുത്തത് എന്ന് വിശദീകരിക്കാമോ ;

(ബി) പോൾസി ഞരമ്പ് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും അതിൽ പരാജയപ്പെട്ടപ്പോൾ സ്വന്തം ഷാൾ ഉപയോഗിച്ച് തൂങ്ങിയോ സ്വയം ശ്വാസംമുട്ടിച്ചോ ആണ് മരണം ഉണ്ടായത് എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഷ്യം വിശ്വസനീയമാണെന്ന് കരുതുന്നുണ്ടോ ;

(സി) 4-2-1999-ന് നടക്കുന്ന സ്കൂൾ ആനിവേഴ്സറിയിൽ കലാപരിപാടികളിൽ പങ്കെടുക്കാൻ 3-2-1999-ൽ റിഹേഴ്സൽ കഴിഞ്ഞ് തിരിച്ചെത്തിയ ഈ കുട്ടി മരിച്ചുപോവുന്നതിന് ഏതാനും മിനിട്ടുകൾക്കു മുമ്പ് അയൽപക്കത്തെ വീട്ടിൽ പോവുകയും അവിടെ തുന്നാൻ ഏല്പിച്ചിരുന്ന ഡ്രസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുന്നിത്തരണം എന്ന് അറിയിക്കുകയും ചെയ്തത് അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പരാമർശ വിധേയമായിട്ടുണ്ടോ ;

(ഡി) അപ്പർ പ്രൈമറി ക്ലാസ്സിൽ പഠിച്ചിരുന്ന ഈ പെൺകുട്ടിക്ക് പ്രേമനൈരാശ്യം ഉണ്ടായിരുന്നു എന്ന് വരുത്തിത്തീർക്കാൻ ബന്ധപ്പെട്ടവർ സംഭരിച്ചുകൂട്ടിയ തെളിവുകൾ വിശദീകരിക്കാമോ ;

(ഇ) അവ വിശ്വസനീയമാണെന്ന് കരുതുന്നുണ്ടോ ;

(എഫ്) പോൾസിയുടെ പുസ്തകസഞ്ചി വിചിത്രമായ ഒരു സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്തത് എന്ന രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും ആവലാതിക്ക് അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും വില നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly